## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

14.07.2016 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1592

### കയർ മേഖലയുടെ അഭിവൃദ്ധി

| ചോദ്യം<br>ശ്രീ.വി.റ്റി.ബൽറാം | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വികസനത്തിനും വിപണനത്തിനുമായി നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ)കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും വികസനത്തിനും വിപണനത്തിനുമായി നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ് എന്നിവയാണ്. കയർ സൊസൈറ്റികളുടെ Apex Body യായി കയർഫെഡും, കയർമേഖലയിലെ ഗവേഷണങ്ങൾക്കായി Autonomous Body ആയ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂഷനും പ്രവർത്തിക്കുന്നു. കയർ മേഖലയിൽ ആവശ്യമായ കയർ മെഷിനറി ഉത്പാദിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിയും പ്രവർത്തിക്കുന്നു. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഈ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) കയർ ഡയറക്ടറേറ്റാണ് കയർ വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ